ഇവിടെ പരിശോധിക്കാൻ സാധിച്ചിരുന്നത്. എറണാകുളത്തെ റീജിയണൽ ലാബിന്റെ പ്രവർത്തനത്തോടെ സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന മരുന്നു പരിശോധനാ ലാബുകൾ 2 എണ്ണം ആയതോടെ വിപണിയിൽ വിതരണം ചെയ്യുന്ന കൂടുതൽ മരുന്നുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കുന്നുണ്ട്.

ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം

156 (821) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ പ്രവർത്തനം കാര്യക്ഷമമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിനായി കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുക എത്രയാണെന്നും ചെലവഴിച്ചത് എത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ രാസവസ്തുക്കളും ഉപകരണങ്ങളും വാങ്ങുന്നതിന് 30,25,000 രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 16,22,851 രൂപയുടെ രാസവസ്തുക്കളും യന്ത്രോപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

മൈക്രോബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനം

157 (822) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡ്രഗ്സ് കൺട്രോൾ ലാബിലെ പുതിയ മൈക്രോ ബയോളജി ലാബിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര ഫണ്ട് വിനിയോഗിച്ചു ; കേന്ദ്ര സ്റ്റേറ്റ് ഫണ്ട് തിരിച്ചു വിവരം ലഭ്യമാക്കാമോ ;

(ബി) നിർമ്മാണ പ്രവർത്തനം ടെണ്ടർ നടപടിയിലൂടെ ആയിരുന്നോ ; എത്ര ടെൻഡർ ലഭിച്ചു ; ആരാണ് നിർമ്മാണ പ്രവർത്തനം നടത്തിയത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly